# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2699 14.02.2013 - ൽ മറുപടിക്ക്

## ചേലക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന കുടിവെള്ളപദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) ചേലക്കര മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ ചെറുതുരുത്തി നെടുമ്പുര വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ ജലശുദ്ധീകരണ ശാലയുടെയും വിതരണ ശൃംഖലയുടേയും വിപുലീകരണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതികൾ നിർമ്മാണം തുടങ്ങിയത് എന്നാണെന്നും പൂർത്തിയാക്കേണ്ടിയിരുന്നതെന്നാണെന്നും ഇതുവരെ ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) ജലശുദ്ധീകരണശാലയുടെ പണി 30.06.2010-ൽ തുടങ്ങി 31.12.2012-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. ഇപ്പോഴത്തെ പുരോഗതി അനുസരിച്ച് 30.06.2013-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ചെലവഴിച്ച തുക 32.82 ലക്ഷം രൂപ. വിതരണ ശൃംഖലയുടെ പ്രവൃത്തി 29.06.2009-ന് തുടങ്ങി 30.09.2010-ൽ പൂർത്തിയാക്കേണ്ടിയിരുന്നു. ഇപ്പോഴത്തെ പുരോഗതി അനുസരിച്ച് 30.06.2013-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ചെലവഴിച്ച തുക 297 ലക്ഷം രൂപയാണ്. |
| (സി) ഇവയിൽ ഓരോ പദ്ധതിയും പൂർത്തിയാക്കുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (സി) ജലശുദ്ധീകരണശാലയുടെ പണികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. വിതരണ ശൃംഖലയുടെ പ്രവൃത്തിയ്ക്ക് റെയിൽവേ ക്രോസിംഗിന് അനുമതി ലഭിച്ചിട്ടില്ല. എൻ.എച്ച്, പി.ഡബ്ല്യു.ഡി റോഡ് ക്രോസിംഗ് - അനുമതി ലഭിച്ചത് പൂർത്തിയാക്കാനുണ്ട്. |
| (ഡി) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന നിലവിലെ അവസരത്തിൽ പ്രസ്തുത കുടിവെള്ള പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഡി) പ്രസ്തുത പദ്ധതികൾ 30.06.2013-ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ